## 15 -ാം കേരള നിയമസഭ

## 9 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 56** **08-08-2023 - ൽ മറുപടിയ്ക്ക്**

## കേരള നോളജ് എക്കണോമി മിഷൻ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ആലപ്പുഴ ജില്ലയിൽ കേരള നോളജ് എക്കണോമി മിഷന്റെ നേതൃത്വത്തിൽ നൈപുണ്യ പരിശീലനം നൽകുന്നതിനായി എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നതെന്ന് വിശദമാക്കാമോ; | (എ) | കേരള നോളജ് എക്കണോമി മിഷന്റെ ഭാഗമായി ഡിജിറ്റൽ വർക്ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം (DWMS) പോർട്ടലിൽ 300 -ൽ പരം കോഴ്സുകൾ ലഭ്യമാണ്. പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ തൊഴിലന്വേഷകർക്കും അവരുടെ പ്രൊഫൈൽ വഴി ഈ നൈപുണ്യ വികസന കോഴ്സുകൾ തെരഞ്ഞെടുക്കാവുന്നതാണ്.<br>'എന്റെ തൊഴിൽ എന്റെ അഭിമാനം' എന്ന പദ്ധതിയുമായി ബന്ധപ്പെട്ട് ആലപ്പുഴ ജില്ലയിൽ നിന്നും 31 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ് താല്പര്യം അറിയിച്ചിരിക്കുന്നത്. ഈ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും രജിസ്റ്റർ ചെയ്തിരിക്കുന്ന തൊഴിലന്വേഷകർക്ക് സ്കിൽ ഗ്യാപ് കണ്ടുപിടിച്ച് അവർക്കുള്ള നൈപുണ്യ വികസന കോഴ്സുകൾ നൽകി തൊഴിൽ സജ്ജരാക്കുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>കേരള നോളജ് ഇക്കോണമി മിഷന്റെ ‘തൊഴിൽതീരം’ പദ്ധതിയുമായി ബന്ധപ്പെട്ട് ആലപ്പുഴ ജില്ലയിലെ തീരപ്രദേശത്തുനിന്നും DWMS ലേക്ക് രജിസ്റ്റർ ചെയ്തിരിക്കുന്ന തൊഴിലന്വേഷകർക്ക് നൈപുണ്യ വികസനത്തിനായുള്ള പ്രത്യേക പദ്ധതിയും രൂപീകരിച്ചിട്ടുണ്ട്.<br>ആലപ്പുഴയിലെ ചേർത്തല ഇൻഫോ പാർക്കിന്റെ സഹായത്തോടെ കമ്പനികളുടെ ഒരു കൺസോർഷ്യം രൂപീകരിച്ചിട്ടുണ്ട്. ഐ ടി മേഖലയിലെ തൊഴിലുകൾക്കു വേണ്ടിയുള്ള പ്രത്യേക നൈപുണ്യ പരിശീലന പരിപാടികളും ആസൂത്രണം ചെയ്തിട്ടുണ്ട്. |
| (ബി) | ഒരു ജില്ല ഒരു ആശയം പദ്ധതി ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആലപ്പുഴ ജില്ലയിൽ നടപ്പിലാക്കുന്ന പ്രസ്തുത പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ; | (ബി) | ഉണ്ട്.<br>ആലപ്പുഴ ജില്ലയിൽ 'ഒരു ജില്ല ഒരു ആശയം' പദ്ധതിയിൽ രണ്ട് ക്ലസ്റ്ററുകൾ ആണ് തെരഞ്ഞെടുത്തിട്ടുള്ളത്. ഒരേതരം ഉത്പന്നങ്ങൾ |

ഉല്പാദിപ്പിക്കുന്ന എം.എസ്.എം.ഇ-കളെ കോർത്തിണക്കിയാണ് ക്ലസ്റ്ററുകൾ രൂപപ്പെടുത്തിയിരിക്കുന്നത്. കുട്ടനാട് ഇനിഷ്യേറ്റീവ്സ് എന്ന ഫുഡ് ക്ലസ്റ്ററും, ഏടനാട് പ്രിൻറിംഗ് എം.എസ്.എം.ഇ. ക്ലസ്റ്ററും ആണ് കെ-ഡിസ്കിന്റെ 'ഒരു ജില്ല ഒരു ആശയം' പദ്ധതിയുടെ കീഴിൽ ആലപ്പുഴ ജില്ലയിൽ ഉൾപ്പെടുന്നത്.

ചെങ്ങന്നൂർ നിയോജക മണ്ഡലത്തിൽ സ്ഥിതിചെയ്യുന്ന ഏടനാട് പ്രിന്റിങ് ക്ലസ്റ്ററിൽ പാക്കേജിങ്, പ്രിൻറിംഗ് ഉൽപ്പന്നങ്ങളാണ് ഉൽപാദിപ്പിക്കുന്നത്. ക്ലസ്റ്ററിൽ 20 സജീവ അംഗങ്ങളുണ്ട്. കുട്ടനാട് നിയോജക മണ്ഡലത്തിൽ സ്ഥിതിചെയ്യുന്ന കുട്ടനാട് ഇനിഷ്യേറ്റീവ്സ് കാർഷിക അധിഷ്ഠിത ഉൽപ്പന്നങ്ങൾ, കോഴിവളർത്തൽ, അക്വാകൾച്ചർ, ടൂറിസം, അക്വാട്ടിക് സ്പോർട്സ് എന്നീ മേഖലകളിൽ പ്രവർത്തിക്കുന്നു. 50 സജീവ അംഗങ്ങളാണ് ക്ലസ്റ്ററിൽ ഉൾപ്പെടുന്നത്.

പ്രസ്തുത ക്ലസ്റ്ററുകളുടെ നിലവിലെ സാഹചര്യങ്ങൾ പഠിച്ച് ഈ ക്ലസ്റ്ററുകളുടെ വികസനത്തിനുള്ള ആക്ഷൻ പ്ലാൻ തയ്യാറാക്കുന്നതിന് വേണ്ടി ആലപ്പുഴ ജില്ലയിലെ കാർമൽ കോളേജ് ഓഫ് എൻജിനീയറിങ്ങിനെയും മഹാഗുരു ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയെയും ചുമതലപ്പെടുത്തിയിരുന്നു. പ്രസ്തുത മെന്ററിങ് സ്ഥാപനങ്ങളുടെ സഹായത്തോടെ ഉയർന്ന തൊഴിൽ ലഭ്യതയ്ക്കും ഉല്പന്നങ്ങളുടെ മൂല്യവർദ്ധനവിനും ഉതകുന്ന തരത്തിലുള്ള ആക്ഷൻ പ്ലാനുകൾ തയാറാക്കുന്നതിനുവേണ്ടിയുള്ള സഹായം ഉറപ്പ വരുത്തിയിട്ടുണ്ട്. ഇത്തരത്തിൽ തയ്യാറാക്കിയ ആക്ഷൻ പ്ലാനുകളുടെ ആദ്യ ഘട്ട ഇവാലുവേഷൻ പ്രക്രിയ Entrepreneurship Development Institute of India (EDII), Ahemedabad ന്റെ സഹായത്തോടുകൂടി നടപ്പിലാക്കിവരുന്നു.

സമർപ്പിച്ചിട്ടുള്ള വിവിധ ആക്ഷൻ പ്ലാനുകൾ ആദ്യഘട്ട ഇവാലുവേഷനിൽ മാർക്കിന്റെ അടിസ്ഥാനത്തിൽ A, B, C എന്നീ മൂന്ന് തരമായി ക്ലസ്റ്ററുകളെ തിരിക്കുകയുണ്ടായി. അടുത്തഘട്ടത്തിലേക്ക് A യിലും B യിലും ഉൾപ്പെട്ടിട്ടുള്ള ക്ലസ്റ്ററുകളെ തെരഞ്ഞെടുത്തു. ആലപ്പുഴ ജില്ലയിലെ 2 ക്ലസ്റ്ററുകളിൽ ഒന്നായ കുട്ടനാട് ഇനിഷ്യേറ്റീവ്സ് എന്ന ഫുഡ് ക്ലസ്റ്റർ B തരത്തിൽ ഉൾപ്പെടുകയും അടുത്ത ഘട്ടത്തിലേക്ക് തെരഞ്ഞടുക്കപ്പെടുകയും ചെയ്തു. എന്നാൽ പട്ടികയിൽ ഉൾപ്പെടുത്തിയവയിൽ ഏടനാട് പ്രിൻറിംഗ് ക്ലസ്റ്ററിൻറെ സ്ഥാനം C വിഭാഗത്തിൽ ആയതിനാൽ അടുത്ത ഘട്ടത്തിലേക്ക് തെരഞ്ഞടുത്തിട്ടില്ല.

| | | | |
|---|---|---|---|
| | | | രണ്ടാം ഘട്ടത്തിൽ ഇന്നോവേഷൻ പ്ലാനിനെ അടിസ്ഥാനമാക്കി EDII നടത്തിയ മൂല്യനിർണയത്തിൽ കുട്ടനാട് ഇനിഷ്യേറ്റീവ്സ് എന്ന ഫുഡ് ക്ലസ്റ്റർ അടുത്ത ഘട്ടത്തിലേക്ക് തെരഞ്ഞെടുക്കപ്പെടുകയുണ്ടായില്ല. |
| (സി) | സംസ്ഥാനത്ത് നോളജ് മിഷൻ മുഖേന നടത്തിയ തൊഴിൽ മേളകളുടെ വിശദവിവരം ജില്ല തിരിച്ച് ലഭ്യമാക്കാമോ? | (സി) | കേരള നോളജ് ഇക്കണോമി മിഷൻ മുഖേന സംസ്ഥാനത്തു നടത്തിയ തൊഴിൽ മേളകളുടെ ജില്ല തിരിച്ച് വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## കേരള നോളജ് എക്കണോമി മിഷൻ മുഖേന സംസ്ഥാനത്ത് നടത്തിയ തൊഴിൽ മേളകളുടെ ജില്ല തിരിച്ച് വിശദവിവരങ്ങൾ

| ജില്ല | തൊഴിൽ മേളകളുടെ എണ്ണം | തൊഴിൽ ദാതക്കളുടെ എണ്ണം | റിപ്പോർട്ട് ചെയ്ത ഒഴിവുകളുടെ എണ്ണം | പങ്കെടുത്ത ഉദ്യോഗാർത്ഥികളുടെ എണ്ണം | ജോലി ലഭിച്ച ഉദ്യോഗാർത്ഥികളുടെ എണ്ണം |
|---|---|---|---|---|---|
| ആലപ്പുഴ | 5 | 267 | 17689 | 19202 | 494 |
| എറണാകുളം | 17 | 674 | 43731 | 63423 | 886 |
| ഇടുക്കി | 4 | 148 | 11406 | 6208 | 183 |
| കണ്ണൂർ | 6 | 353 | 15428 | 12118 | 606 |
| കാസർഗോഡ് | 6 | 175 | 6966 | 9123 | 324 |
| കൊല്ലം | 9 | 412 | 32161 | 34103 | 633 |
| കോട്ടയം | 7 | 317 | 31651 | 11230 | 67 |
| കോഴിക്കോട് | 15 | 524 | 29739 | 28812 | 524 |
| മലപ്പുറം | 10 | 394 | 23677 | 13463 | 366 |
| പാലക്കാട് | 22 | 499 | 30285 | 24726 | 766 |
| പത്തനംതിട്ട | 6 | 312 | 12887 | 17235 | 366 |
| തിരുവനന്തപുരം | 10 | 434 | 23759 | 60867 | 229 |
| തൃശ്ശൂർ | 14 | 330 | 17250 | 15900 | 402 |
| വയനാട് | 5 | 234 | 9944 | 12224 | 210 |
| സംസ്ഥാന തലം | 7 | 52 | 9957 | 6949 | 76 |
| **ആകെ** | **143** | **5125** | **316530** | **335583** | **6132** |